ഇന്റർപോളി കലോൽസവം

103 (3843) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ രാപ്രയാറിൽ ഈ വർഷം നടന്ന ഇന്റർ പോളി കലോത്സവത്തിൽ ആറ്റിങ്ങൽ ആറ്റിങ്ങൽ പോളിടെക്നിക് കോളേജിൽ നിന്നും എത്ര വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നുവെന്നും വിദ്യാർത്ഥികളുടെ മേൽനോട്ടത്തിനായി എത്ര അദ്ധ്യാപകരെ നിയോഗിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ; വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പേരുവിവരം ലഭ്യമാക്കാമോ ;

(ബി) ഇവരുടെ ചെലവിനായി എന്ത് തുക അനുവദിച്ചിരുന്നുവെന്നും താമസ സൗകര്യവും ഭക്ഷണവും എവിടെയാണ് ഏർപ്പെടുത്തിയിരുന്നതെന്നും വ്യക്തമാക്കാമോ :

(സി) ഈ ടീമിൽ ഉൾപ്പെട്ട ഒരു വിദ്യാർത്ഥി ക്ഷേത്രക്കുളത്തിൽ മുങ്ങി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ടോ ;

(ഡി) മരണപ്പെട്ട വിദ്യാർത്ഥിയുടെ കുടുംബത്തിന് ഏതൊക്കെ തരത്തിലുള്ള സാമ്പത്തിക സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രാപ്രയാറിൽ ഈ വർഷം നടന്ന ഇന്റർ പോളി കലോത്സവത്തിൽ ആറ്റിങ്ങൽ പോളിയിൽ നിന്നും നൂറിമുപ്പത്തി ആറ് (136) വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു. മേൽനോട്ടത്തിനായി മൂന്ന് അദ്ധ്യാപകരെ നിയോഗിച്ചിരുന്നു. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

(ബി) ചെലവിനായി പി.റ്റി.എ.-യിൽ നിന്നും അഡ്വാൻസ് ഏഴായിരം രൂപ ഒന്നാം ഗഡുവായി 7-3-2015-ൽ അനുവദിച്ചിരുന്നു. ഇന്റർപോളി കലോത്സവം നടത്തുന്നതിന് ചുമതലയുള്ള സംസ്ഥാന പോളിടെക്നിക് സ്റ്റുഡൻസ് യൂണിയൻ ക്രമീകരിച്ചിരുന്ന തൃശ്ശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പോളിടെക്നിക് ഹോസ്റ്റലിലാണ് വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഒരുക്കിയിരുന്നത്.

(സി) മരണപ്പെട്ട ഗോകുൽ, പി.എ. എന്ന വിദ്യാർത്ഥി ആറ്റിങ്ങൽ പോളിയിലെ ആട്ടോമൊബൈൽ ആറാം സെമസ്റ്റർ വിദ്യാർത്ഥിയായിരുന്നു. എന്നാൽ ഇന്റർ പോളി കലോത്സവ ടീമിൽ ഉൾപ്പെട്ട വിദ്യാർത്ഥിയായിരുന്നില്ല. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ മരണവുമായി ബന്ധപ്പെട്ട് 10-3-2015-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മരണപ്പെട്ട വിദ്യാർത്ഥിയുടെ കുടുംബത്തിന് അടിയന്തര സഹായമായി ആറ്റിങ്ങൽ പോളി പി.റ്റി.എ.-യിൽ നിന്നും 21,500 രൂപയും ആട്ടോമൊബൈൽ അസോസിയേഷനിൽ നിന്നും 6000 രൂപയും നൽകുകയുണ്ടായി.

വിദൂര വിദ്യാഭ്യാസ രീതിയിൽ എൽ.എൽ.എം. കോഴ്സ്

104 (3844) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകളാണ് വിദൂര വിദ്യാഭ്യാസ രീതിയിൽ (ഡിസ്റ്റൻസ് എജ്യൂക്കേഷൻ) എൽ.എൽ.എം. കോഴ്സ് നടത്തുന്നതെന്നും അവയിൽ ഏതൊക്കെ സർവ്വകലാശാലകൾ നടത്തുന്ന എൽ.എൽ.എം. കോഴ്സ് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മഹാത്മാഗാന്ധി സർവ്വകലാശാല വിദൂര വിദ്യാഭ്യാസ രീതിയിൽ ദ്വിവത്സര എൽ.എൽ.എം. കോഴ്സ് നടത്തിവരുന്നു. എന്നാൽ മറ്റു സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്ന എൽ.എൽ.എം. കോഴ്സുകളൊന്നും കേരള സർവ്വകലാശാല അംഗീകരിച്ചിട്ടില്ല.

എം.ബി.ബി.എസ്.- റാങ്ക് വിവരം

105 (3845) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി 2014 ജൂൺ മാസത്തിൽ നടത്തിയ എം.ബി.ബി.എസ്. അവസാനവർഷ പരീക്ഷയുടെ റാങ്ക് വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആദ്യത്തെ അഞ്ച് റാങ്കുകൾ ആർക്കെല്ലാമാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എം.ബി.ബി.എസ്. പരീക്ഷയുടെ റാങ്ക് നിർണ്ണയിക്കുന്നതിന് ഹൗസ്സർജൻസിയും മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) 2014 ജൂൺ മാസത്തിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ എം.ബി.ബി.എസ്. അവസാനവർഷ പരീക്ഷയുടെ ഒന്നാം റാങ്ക് മാത്രം പ്രസിദ്ധപ്പെടുത്തിയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly